**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2227** **13-09-2023 - ൽ മറുപടിയ്ക്ക്**

**സബ് ഇൻസ്പെക്ടർ ഡെപ്യൂട്ടേഷൻ വേക്കൻസികളും ഐ. പി. എസ്. കൺഫർമേഷൻ ലിസ്റ്റും**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി ശാന്തകുമാരി കെ.</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>കേരള പോലീസിൽ സബ് ഇൻസ്പെക്ടർമാരുടെ (നേരിട്ടുള്ള നിയമനം) അനുവദനീയ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ പി. എസ്സ്. സി. യിലേക്ക് റിപ്പോർട്ട് ചെയ്യാത്ത എത്ര ഒഴിവുകൾ ഉണ്ട്; എങ്കിൽ ഇവയിൽ ഓരോന്നും റിപ്പോർട്ട് ചെയ്യാത്തതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;</td><td>(എ)</td><td>2 എൻ.ജെ.ഡി ഒഴിവുകൾ നിലവിലുണ്ട്. അവ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(ബി)</td><td>നേരിട്ടുള്ള നിയമന പ്രകാരം സബ് ഇൻസ്പെക്ടർമാരായി നിയമനം ലഭിച്ചവരിൽ നിന്നും അന്യത്ര സേവനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്ര എന്ന് അറിയിക്കാമോ;</td><td>(ബി)</td><td>നേരിട്ടുള്ള നിയമന പ്രകാരം സബ് ഇൻസ്പെക്ടർമാരായി നിയമനം ലഭിച്ചവരിൽ 40 പേർ നിലവിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നു.</td></tr>
<tr><td>(സി)</td><td>നിലവിലുള്ള സർക്കാർ ഉത്തരവുകൾ അനുസരിച്ച് എത്ര കാലം വരെയുള്ള ഡെപ്യൂട്ടേഷൻ വേക്കൻസികളാണ് ഒഴിവായി പി. എസ്. സി. യിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടത്; ഇത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താറുണ്ടോ; വ്യക്തമാക്കാമോ;</td><td>(സി)</td><td>അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുമ്പോൾ ആറ് മാസത്തിലധികമായി സ്ഥിരമായി നിൽക്കുന്ന പി.എസ്.സി മുഖേന നേരിട്ട് നിയമനം നടത്തേണ്ട ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തു വരുന്നു. ഇത് പാലിക്കുന്നതിനായി കൃത്യമായ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(ഡി)</td><td>കേരള പോലീസിൽ നിലവിൽ ഐ. പി. എസ്. ആയി കൺഫർമേഷൻ നൽകുന്നതിനായി ഏത് വർഷം വരെയുള്ള ലിസ്റ്റാണ് പരിഗണിച്ചിട്ടുള്ളതെന്നും ഇനി ഏതൊക്കെ വർഷങ്ങളിലെ സെലക്ഷൻ കമ്മിറ്റി മീറ്റിംഗ് ആണ് കൂടാനുള്ളതെന്നും ആയതിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;</td><td>(ഡി)</td><td>കേരള പോലീസ് നിലവിൽ ഐ.പി.എസ്. ആയി കൺഫർമേഷൻ നൽകുന്നതിനായി 2020 വരെയുള്ള ലിസ്റ്റ് പരിഗണിച്ചിട്ടുണ്ട്. ഇനി 2021, 2022 വർഷങ്ങളിലെ സെലക്ഷൻ കമ്മിറ്റി മീറ്റിംഗ് കൂടാനുണ്ട്. 2021, 2022 വർഷങ്ങളിൽ യഥാക്രമം 15, 5 ഒഴിവുകളാണുള്ളത്.</td></tr>
<tr><td>(ഇ)</td><td>2024 ജനുവരി 1 മുതൽ 2024 മെയ് 31 വരെ വിരമിക്കുന്ന എസ്. പി. നോൺ ഐ. പി. എസ്., ഡി. വൈ. എസ്. പി., വനിതാ ഇൻസ്പെക്ടർ, പുരുഷ ഇൻസ്പെക്ടർ എന്നിവരുടെ എണ്ണം വ്യക്തമാക്കാമോ?</td><td>(ഇ)</td><td><table>
<tr><td>തസ്തിക</td><td>എണ്ണം</td></tr>
<tr><td>എസ്.പി. (നോൺ ഐ.പി.എസ്.)</td><td>12</td></tr>
<tr><td>ഡി.വൈ.എസ്.പി</td><td>26</td></tr>
<tr><td>ഇൻസ്പെക്ടർ (വനിത)</td><td>21</td></tr>
<tr><td>ഇൻസ്പെക്ടർ</td><td>16</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ